**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1264** **27-07-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് കായിക വിനോദങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളെ പ്രൈമറി തലം മുതൽ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് പരിശീലന സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളെ കായിക വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിനുമായി സ്കൂളുകൾ കേന്ദ്രീകരിച്ച് ആവിഷ്കരിച്ച വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കിക്കോഫ് ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി വ്യാപിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ഹൂപ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് |

മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. സ്പ്രിന്റ് ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. പ്ലേ ഫോർ ഹെൽത്ത് കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. സ്പ്ലാഷ് ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. ജൂഡോക്ക സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. പഞ്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്.. 8 മുതൽ 11 വയസ്സ് വരെ

| | | | |
|---|---|---|---|
| | | | പ്രായമുള്ള പെൺകുട്ടികളിൽ നിന്ന് ബോക്സിംഗ് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുന്ന പദ്ധതിയാണിത്.. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടുവാൻ പ്രാപ്തരാക്കുവാനും പദ്ധതി സഹായകരമാകും. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിവിധ ജില്ലകളിലായി അത്ലറ്റിക്സ്, ഫുട്ബോൾ, വോളീബോൾ, ബാസ്കറ്റ്ബോൾ, സ്വിമ്മിംഗ്, ബോക്സിംഗ്, ജൂഡോ, ഫെൻസിങ്, ആർച്ചറി, റസ്ലിങ്, തായ്ക്വോണ്ടാ, സൈക്ലിംഗ്, നെറ്റ്ബാൾ, ഹോക്കി, കബഡി, ഹാന്റ് ബോൾ, ഖോ ഖോ കനോയിംഗ് & കയാക്കിംഗ്, റോവിങ് എന്നീ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ജില്ലാ സ്പോർട്സ് അക്കാഡമികളിൽ നിലവിൽ 241 കായികതാരങ്ങളും സ്കൂൾ സ്പോർട്സ് അക്കാഡമികളിൽ 297 കായികതാരങ്ങളും പരിശീലനം നേടി വരികയാണ്. വിവിധ ജില്ലകളിലായി 61 ഡേ ബോർഡിംഗ് സെന്ററുകളിൽ ഒരു ദിവസം ഒരു കുട്ടിക്ക് 25രൂപ വീതം ആഴ്ചയിൽ 5 ദിവസം ലഘുഭക്ഷണം നൽകി വരുന്നുണ്ട്. |
| (ബി) | സ്കൂളുകളിലെ മൈതാനങ്ങൾ നവീകരിക്കുന്നതിന് കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | സ്കൂൾ മൈതാനങ്ങളുടെ നവീകരണത്തിന് കായിക വികസന നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. 2018-19 സാമ്പത്തി വർഷം 13 സ്ഥാപനങ്ങൾക്കായി 80,50,000/-രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 4 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 50,00,000/-രൂപയും സ്കൂൾ മൈതാനത്തിന്റെ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിലെ മൈതാനങ്ങൾ നവീകരിക്കുന്നതിന് കായിക വകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ കായികവകുപ്പ് വിശദമായ പരിശോധനകൾക്ക് ശേഷം നടപടികൾ സ്വീകരിക്കാറുണ്ട്. കൊട്ടാരക്കര സ്കൂൾ ഗ്രൗണ്ട്, തൃശ്ശൂർ വേലൂർ സ്കൂൾ ഗ്രൗണ്ട്, തൃശ്ശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ്, പാലക്കാട് കോട്ടായി ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട്, ആലപ്പുഴ തിരുവൻവണ്ടൂർ ജി.എച്ച്.എസ്.എസ്, കണ്ണൂർ ജി.വി.എച്ച്.എസ്.എസ് എന്നിവയുടെ നവീകരണ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കായിക വകുപ്പിന് കൈമാറി ലഭിച്ച ജിവി രാജ സ്പോർട്സ് സ്കൂളിന്റെ കായിക വികസന പദ്ധതികളും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ